| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# ANNUAL EXAMINATION 2019-20

## MALAYALAM

## SET A

Code: MZML01

CLASS: VIII — Time Allotted: 2 ½ Hrs.

5.03.2020 — Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

Qns — Marks

1. **ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

   (ശക്തി, പെട്ടി, എഴുത്താണി, സുന്ദരം, കുതിര, നനഞ്ഞ)

   1. പേടകം
   2. മുഗ്ധം
   3. കരുത്ത്
   4. നീരവം
   5. നാരായം

2. **പര്യായം എഴുതുക** 1 x 5= 5

   1. രത്നാകരം
   2. ഭാര്യ
   3. നിശ
   4. സൂര്യൻ
   5. നേത്രം

3. **വിപരീതം എഴുതുക** ½ x 5=2½

   1. സ്വന്തം
   2. സ്വസ്ഥൻ
   3. ശരണം
   4. സ്നേഹം
   5. ആരംഭം

4. **എതിർലിംഗമെഴുതുക** ½ x 5=2½

   1. കാന്തൻ
   2. ദീനക്കാരൻ

3. വിവശ
4. വിനീത
5. ബാലിക

5. **അർഥവ്യത്യാസം എഴുതുക** 1 x 4= 4

1. ചേല
   ചോല
2. ശാസന
   വാസന
3. കൂമ്പ്
   കാമ്പ്
4. മാനം
   മനം

6. **നാനാർഥം എഴുതുക** 1x 4= 4

1. ഓട
2. വെള്ളി
3. ചിത്രം
4. നില

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. പ്രഗാണ്ഡം, പ്രകാണ്ഡം, പ്രകാണ്ടം, പ്രഗാണ്ടം
2. മന്തഹസിക്കുക, മന്ധഹസിക്കുക, മന്ഥഹസിക്കുക, മന്ദഹസിക്കുക
3. നിശീഥിനി, നിശീതിനി, നിശീദിനി, നിശീധിനി
4. ബാലാതഭം, ബാലാതാപം, ബാലാതപം, ബാലാതാഭം
5. വൈദവ്യം, വൈഥവ്യം, വൈതവ്യം, വൈധവ്യം

8. **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 1x 4= 4

1. ചേരേണ്ടതാവാം
2. ചപ്പിലക്കൂട്ടം
3. ആലാപമാർന്നു
4. ഓടയിൽ

9. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. ഇമയനങ്ങാതെ
2. ചിന്താക്കുഴപ്പത്തിലാവുക

10. **ചേരുംപടി ചേർക്കുക** ½ x 4= 2

| | | |
|---|---|---|
| 1. കെടാവിളക്ക് | - | വയലാർ രാമവർമ |
| 2. ദൈവത്തിൻെറ കൈയൊപ്പ് | - | കുമാരനാശാൻ |
| 3. എനിക്കു മരണമില്ല | - | വള്ളത്തോൾ നാരായണമേനോൻ |
| 4. വീണപൂവ് | - | വി. ടി. ഭട്ടതിരിപ്പാട് |
| | - | പെരുമ്പടവം ശ്രീധരൻ |

11. **വിഗ്രഹിച്ച് സമാസം എഴുതുക** 1x 4= 4

1. ആലോലവായു
2. അച്ഛനമ്മമാർ
3. കുതിരപ്പുറം
4. കർമനിരതൻ

12. **പ്രയോഗം മാറ്റുക** 1x 2= 2

1. കവി വീണുകിടക്കുന്ന പൂവിനെ കാണുന്നു.
2. കുന്തീദേവി ഓമനക്കുഞ്ഞിനെ നദിയിൽ ഒഴുക്കി.

13. **പൂരിപ്പിക്കുക** 1x 2= 2

1. 'അമ്മമലയാളം' എന്ന കവിതയുടെ കർത്താവ് -------- ആണ്.
2. ഇന്ന്, പ്രപഞ്ചത്തെ കൈയിലമ്മാനമാടുന്ന മനുഷ്യന്റെ ജീവിതം ആരംഭിച്ചത് --------യുടെ രൂപത്തിലാണ്

14. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 4= 4

1. "മലിനവസ്ത്രം ധരിച്ച്, ഓടയിൽ നിന്നെണീറ്റ്
അരുതരുത് മക്കളെ എന്നു കേഴുന്നു" - ആരാണ് ഇവിടെ കേഴുന്നത്?
2. 'ബധിരവിലാപം' ആരുടെ കൃതിയാണ്?
3. അമ്പിളിത്താമ്പാളം നീ നീട്ടിക്കൊണ്ടൊരു വെള്ളി-
ത്തുമ്പിയെപ്പോലെ നിന്നു മാനത്തു നൃത്തംവയ്ക്കെ, - ഇവിടെ 'നീ' എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്?
4. "ഒച്ചിഴയുന്നതു പോലെ, അല്ലേ? എന്നു ചോദിച്ച് ആ ഇഷ്ടക്കേട് അദ്ദേഹം കാണിക്കുകയും ചെയ്തു." - ആരോടുള്ള ഇഷ്ടക്കേടാണ് ദസ്തയേവ്സ്കി പ്രകടമാക്കിയത്?

15. **ഉത്തരമെഴുതുക** 3x 5= 15

1. "ചിഞ്ചിലം നിന്നു ചിലങ്കകളൂരീട്ടു
നെഞ്ചത്തുകൈവച്ചു ചോദിക്കയാണൊരാൾ"- ഈ വരികളിൽ കവി പരാമർശിക്കുന്നതെന്ത്?.
2. വിശ്വാമിത്രൻ ചിന്താക്കുഴപ്പത്തിലാകാൻ കാരണമെന്ത്?
3. "കണ്ടേൻ ഞാൻ"- സൂര്യൻ എന്തു കണ്ടെന്നാണ് വ്യക്തമാക്കുന്നത്?
4. ദസ്തയേവ്സ്കിയുടെ രൂപം അന്നയെ വിസ്മയിപ്പിക്കാൻ കാരണമെന്ത്?
5. കവി വർണിക്കുന്ന മനുഷ്യന്റെ മേന്മകൾ എന്തെല്ലാം?

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1= 5

കാവ്യക്കരുക്കളിൽ....................................
..................................... കേരളഭാഷയെ? (11 വരി)

17. **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക** 6x 1= 6

മാറുന്ന ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും

അല്ലെങ്കിൽ

കായിക വിദ്യാഭ്യാസത്തിൻെറ ആവശ്യകത

18. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

പുറം – ആട്ട് എന്നീ രണ്ടു പദങ്ങൾ ചേർന്നുണ്ടായതാണ് പുറാട്ട് (പൊറാട്ട്) എന്ന പ്രയോഗം. പുറമേ വയലിലോ വെളിമ്പ്രദേശത്തോ വെച്ചുള്ള ആട്ടം അഥവാ കളിയാണ് പുറാട്ടുകൾ. വിനോദപ്രദമായ കളിയായതിനാൽ പുറാട്ടിന് വിനോദം, കോമാളിത്തം എന്നിങ്ങനെയും അർഥമുണ്ട്. തെക്കത്തിനാടകം, പാൺകളി, ദേശക്കളി എന്നിങ്ങനെ പല പേരുകളിലും പുറാട്ടുനാടകം അറിയപ്പെടുന്നു. പാലക്കാടു താലൂക്കിലും, വടക്കാഞ്ചേരി , വള്ളുവനാട് എന്നീ ദിക്കുകളിലുമാണ് ഇത്തരം നാടകങ്ങൾക്ക് കൂടുതൽ പ്രചാരം.

കൊയ്ത്തു കഴിയുന്ന കാലത്താണ് പുറാട്ടുകൾ അരങ്ങേറുന്നത്. പാടമോ പറമ്പോ വെളിമ്പ്രദേശമോ പുറാട്ടിനു വേണ്ടി തിരഞ്ഞെടുക്കുന്നു. കഥകളി, മുടിയേറ്റ് തുടങ്ങിയവയ്ക്കുള്ളതുപോലെ കേളികൊട്ട് പുറാട്ടുനാടകത്തിനുമുണ്ട് കളി നടക്കുന്ന സ്ഥലത്ത് രാത്രി എട്ടു മണിയോടെ ചെണ്ടയും ഇലത്താളവും ഉപയോഗിച്ച് കേളികൊട്ടുന്നു. ചെറിയ മദ്ദളം, മൃദംഗം, കൈമണി, ശ്രുതിപ്പെട്ടി, ചപ്ലാക്കട്ട തുടങ്ങിയവയാണ് സംഗീത–വാദ്യോപകരണങ്ങൾ. പുറാട്ടുനാടകത്തിൽ ചോദ്യക്കാരനാണ് പ്രധാന കഥാപാത്രം. ചോദ്യക്കാരൻ എല്ലാ പുറാട്ടു വേഷ–ക്കാരോടും ചോദ്യങ്ങൾ ചോദിച്ച് രസകരമായ ഉത്തരങ്ങൾ പറയിപ്പിച്ച് നാടകത്തെ മുന്നോട്ട് കൊണ്ടുപോകുന്നു. താഴ്ന്ന ജനവിഭാഗങ്ങളുടെ കഷ്ടപ്പാടുകളും ദയനീയാവസ്ഥയും സമൂഹത്തിൽ അവർ നേരിടുന്ന പ്രയാസങ്ങളും സാമൂഹിക സാമ്പത്തികസ്ഥിതിയുമെല്ലാം പുറാട്ടുനാടകത്തിലൂടെ ആവിഷ്കൃതമാകുന്നു.

**ചോദ്യങ്ങൾ** 1x 4= 4

1. പുറാട്ടുനാടകം മറ്റേതൊക്കെ പേരുകളിൽ അറിയപ്പെടുന്നു?
2. പുറാട്ടുനാടകത്തിലുള്ളതു പോലെ 'കേളികൊട്ട്' എന്ന ചടങ്ങ് നടത്താറുള്ള മറ്റ് രണ്ടു കലാരൂപങ്ങളേവ?
3. പുറാട്ടുനാടകത്തിലെ പ്രധാന കഥാപാത്രമാര്?
4. പുറാട്ടുനാടകത്തിലൂടെ ആവിഷ്കൃതമാകുന്ന കാര്യങ്ങളെന്തെല്ലാം?

19. നിങ്ങളുടെ വിദ്യാലയത്തിൻെറ പരിസരത്ത് വാഹന അപകടങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊലിസ് ഇൻസ്പെക്റ്റർക്ക് ഒരു കത്ത് തയ്യാറാക്കുക 6 x 1= 6

-------------------------